# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:5019** **22.05.2017 ൽ മറുപടിയ്ക്ക്**

## ഡിസ്ട്രിക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആൻറ് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>" സി.കെ.ഹരീന്ദ്രൻ<br>" വി.അബ്ദുറഹിമാൻ<br>" യു.ആർ പ്രദീപ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആൻറ് ട്രെയിനിംഗ്(ഡയറ്റ്) -ന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;<br><br>ബി) അതാത് ജില്ലകളിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ അക്കാദമിക പ്രവർത്തനങ്ങൾക്ക് എല്ലാവിധത്തിലുമുള്ള നേതൃത്വം നൽകാൻ ബാധ്യതപ്പെട്ട ഈ സ്ഥാപനം ഗുണമേന്മയുള്ള പ്രൈമറി വിദ്യാഭ്യാസത്തിനായി അദ്ധ്യാപകരെയും മറ്റു സംവിധാനങ്ങളെയും സജ്ജമാക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ ; | എ) യും ബി) യും ഉണ്ട് ; ഡയറ്റ് അദ്ധ്യാപകർ പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലന മോഡ്യൂൾ തയ്യാറാക്കുകയും പരിശീലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം, അവലോകനം , തൽസമയ പരിഹാരബോധനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം പരിശീലനത്തിലൂടെ ലഭിച്ച വിവരങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ക്ലാസ്റൂം മോണിട്ടറിംഗ് നടത്തുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിലൂടെ ഗുണമേന്മയുള്ള പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| സി) ജില്ലാ ഭരണകൂടങ്ങൾക്ക് അക്കാദമിക ആസൂത്രണത്തിനും വിദ്യാഭ്യാസ കാര്യങ്ങളിൽ ജില്ലകളിൽ രൂപീകരിക്കേണ്ട നയപരമായ കാര്യങ്ങൾക്ക് ഉപദേശം നൽകുന്നതിനുമുള്ള അംഗീകൃത സ്ഥാപനമായി ഡയറ്റിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | സി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ